മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ

സുൽത്താൻ ബത്തേരി ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്താ

ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസിൽ നിന്നും

No. 18/2026

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്ത് പട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരേ,

ഡിജിറ്റൽ യുഗത്തിൽ വസിക്കുന്ന നമുക്ക്, നമ്മുടെ ഭദ്രാസനത്തിലെ വാർത്തകളും വിവരങ്ങളും വേഗത്തിലും കാര്യക്ഷമമായും സഭാംഗങ്ങളിലും പൊതുസമൂഹത്തിലും എത്തിക്കുക എന്നുള്ളത് ഇന്നിന്റെ ആവശ്യമാണ്. ഭദ്രാസനത്തിന്റെ പരിപാടികളും ഇടവകകളുടെയും ആത്മീയ സംഘടനകളുടെയും വാർത്തകളും സാമൂഹ്യ മാധ്യമങ്ങളിലൂടെ വിശ്വാസികളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ, റൂബി ജൂബിലിയുടെ നാല്പതിന പരിപാടികളിൽ ഒന്നായ **നിർമ്മലഗിരി ഓർത്തഡോക്സ് മീഡിയ** എന്ന ഒരു യൂട്യൂബ് ചാനൽ ആരംഭിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം നിങ്ങളെ അറിയിക്കുന്നു. ഇതിന്റെ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി താഴെ പറയുന്നവരെ ഭദ്രാസന ഡിജിറ്റൽ മീഡിയ വിഭാഗത്തിന്റെ ചുമതലക്കാരായി ഇനിയൊരു കൽപ്പനയുണ്ടാകുന്നതുവരെയ്ക്കും നാം നിയമിച്ചിരിയ്ക്കുന്നു.

ഫാ. ബേബി ജോൺ - ഭദ്രാസന സെക്രട്ടറി (Mob: 9961490914)
ഫാ. നിബിൻ ജേക്കബ് (PRO) - ചീഫ് കോഓർഡിനേറ്റർ (Mob: 9673416960)
ഫാ. ബേസിൽ പൗലോസ് - (Mob: 9747471432)
എൽദോ പൗലോസ് - കോഓർഡിനേറ്റർ - താളൂർ സെ മേരീസ് (Mob: 8921845892)
റോബിൻ ജോണി - ഗൂഡല്ലൂർ സെ മേരീസ് (Mob: 9786208122)
അമൽ പോൾ - മലങ്കരകുന്നു സെ തോമസ് (Mob: 9605355006)
എബിൻ കെ ഏലിയാസ് - മീനങ്ങാടി സെ പീറ്റേഴ്സ് വലിയ പള്ളി (Mob: 7907892738)
ബേസിൽ കെ ബേബി - കേളകം സെ തോമസ് ശാലേം (Mob: 8590996821)

ഇടവക തലത്തിലെ വാർത്തകളും പരിപാടികളും, ഭദ്രാസന ഡിസ്ട്രിക്ട് തലത്തിലുള്ള ആത്മീയ സംഘടനകളുടെ പ്രവർത്തനങ്ങളും വിശ്വാസികളിൽ എത്തിക്കുന്നതിനായി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലുള്ള ചാനലിൽ പ്രസിദ്ധീകരിക്കുന്നതിനായി **Sulthan Bathery Diocese** എന്ന വാട്സാപ്പ് ഗ്രൂപ്പിലേക്ക് അയക്കേണ്ടതാണ്. ഈ ഡിജിറ്റൽ മീഡിയയുടെ സുഗമമായ നടത്തിപ്പിനായി എല്ലാ ഇടവകയിൽ നിന്നും ഈ രംഗത്ത് പ്രഗൽഭരായ ഒരാളെ ബഹുമാനപ്പെട്ട വികാരിയുടെ നേതൃത്വത്തിൽ നിശ്ചയിച്ച് എത്രയും വേഗം ഭദ്രാസന ഓഫീസിൽ അറിയിക്കണം. ഡിജിറ്റൽ മീഡിയ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ദൈവനാമ മഹത്വത്തിനും ഭദ്രാസനത്തിന്റെ കാലോചിതമായ വളർച്ചയ്ക്കും ഉതകുമാറാകട്ടെ എന്ന് ആശംസിക്കുന്നു. ഈ നൂതന സംരംഭത്തിന് എല്ലാ വികാരിമാരുടെയും ആത്മീയ സംഘടനാ ഭാരവാഹികളുടെയും വിശ്വാസികളുടെയും പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ
സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരുടെയുംമേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

Barnabas

2026 ഫെബ്രുവരി 18- ന്
നിർമ്മലഗിരി അരമനയിൽ നിന്നും

ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ